(സി) ജനറൽ ഹൗസിംഗ് പദ്ധതി വഴി നടപ്പുവർഷം 2000 വീടുകളും, ഐ.എ.വൈ. പദ്ധതി മുഖാന്തിരം 9337 വീടുകളും, ഹഡ്കോ ലോൺ ഉപയോഗിച്ച് ആകെ 5000 വീടുകളും നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ജനറൽ ഹൗസിംഗ് പദ്ധതി നടത്തിപ്പിനായി അനുമതിയും ഫണ്ടും നൽകി കഴിഞ്ഞു. ഐ.എ.വൈ. പദ്ധതി ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ഹഡ്കോ ലോൺ ലഭ്യമാക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

യുവജന നയം

337 (688) ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജന നയത്തിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പദ്ധതിയുമായി ആരെയെല്ലാം സഹകരിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട് ; യുവജന നയത്തിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. സംരംഭകത്വവികസന പരിപാടി
2. ജീവദായിനി
3. പുനർജനി
4. കാർഷികയുവത്വം
5. PSC/IBPS സൗജന്യപരീക്ഷാ പരിശീലന പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

6. DTP/PSC ഓൺലൈൻ പരിശീലനം
7. ദേശീയോദ്ഗ്രഥന ക്യാമ്പ്
8. ജോബ്ഫെസ്റ്റ്
9. സാഹിത്യക്യാമ്പ്
10. യുവമാധ്യമ പ്രവർത്തക ക്യാമ്പ്
11. ചലച്ചിത്ര ക്യാമ്പ്
12. സാഹസിക പരിശീലന പരിപാടികൾ
13. വനിതാശില്പശാല
14. നാടക പരിശീലന കളരി
15. നാടൻ കലാമേള
16. ലഹരി വിരുദ്ധ ബോധവൽക്കരണ കലാജാഥ
17. ഗോത്രവർഗ്ഗ കലാമേള
18. പെയിന്റിംഗ് ശില്പശാല
19. യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്
20. ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്
21. വ്യക്തിത്വ വികസന പരിശീലന ക്യാമ്പ്
22. സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം
23. സ്വയംതൊഴിൽ ബോധവൽക്കരണ പരിപാടികൾ

(ബി) കേന്ദ്രസഹായം ഒന്നും തന്നെ ലഭിച്ചിട്ടില്ല.

(സി) സംസ്ഥാനത്തെ യുവജന ക്ലബ്ബുകൾ, കോളേജുകളിലെ എൻ.എസ്.എസ്., എൻ.സി.സി. യൂണിറ്റുകൾ, വിവിധ സർക്കാർ വകുപ്പുകളായ എക്സൈസ്, കൃഷി, ആരോഗ്യം, വ്യവസായം, വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, EDII, IRCTC, കേരള ഫോക് ലോർ, സി-ഡിറ്റ് തുടങ്ങിയവയെയാണ് വിവിധ പദ്ധതികളുമായി സഹകരിപ്പിക്കുന്നത്.

992/2018

LIBRARY ARCHIVES Kerala Legislative Assembly

(ഡി) യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുന്ന പരിപാടികളിൽ കോളേജുകളിലെ എൻ.എസ്.എസ്., എൻ.സി.സി. യൂണിറ്റുകളെ പങ്കെടുപ്പിക്കുന്നുണ്ട്. കൂടാതെ യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന യുവജന ക്ലബ്ബുകൾക്കായി കാർഷിക/ബോധവൽക്കരണ/സ്വയം തൊഴിൽ മേഖലയിൽ സാമ്പത്തിക സഹായം നൽകി വരുന്നു. കേരള സംസ്ഥാന എക്സൈസ് വകുപ്പുമായി ചേർന്ന് ലഹരി വിരുദ്ധ ബോധവൽക്കരണ കലാജാഥകൾ, കൃഷി, വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് കാർഷിക സാക്ഷരത, വ്യവസായ വകുപ്പുമായി ചേർന്ന് സംരംഭകത്വവികസന പരിശീലന പരിപാടി, തൊഴിൽ - പുനരധിവാസവകുപ്പുമായി ചേർന്ന് PSC/IBPS സൗജന്യ പരീക്ഷാ പരിശീലനം, സി-ഡിറ്റുമായി ചേർന്ന് പി.എസ്.സി. ഓൺലൈൻ രജിസ്ട്രേഷൻ പരിശീലനം തുടങ്ങിയവ നടപ്പിലാക്കി വരുന്നു. കൂടാതെ യുവാക്കൾക്കിടയിൽ ദേശീയബോധവും ദേശസ്നേഹവും വളർത്തുന്നതിലേയ്ക്കായി ദേശീയോദ്ഗ്രഥന ക്യാമ്പ്, തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കേരളോൽസവം, പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്ന് ട്രൈബൽ ഫെസ്റ്റുകൾ, ടൂറിസം വകുപ്പുമായി ചേർന്ന് സാഹസിക പരിശീലന പരിപാടികൾ, വനം വകുപ്പ് - എൻ.എസ്.എസ്. മായി ചേർന്ന് പരിസ്ഥിതി ദിനാചരണ പരിപാടികൾ, കേരള ഫോക് ലോർ അക്കാദമിയുമായി ചേർന്ന് നാടൻ കലാമേളകൾ, ഐ.ആർ.സി.റ്റി.സി.-യുമായി ചേർന്ന് ഭാരത ദർശൻ യാത്രകൾ, എൻ.എസ്.എസ്.-മായി ചേർന്ന് ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പുകൾ, നോർക്ക റൂട്സുമായി ചേർന്ന് പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം, എൻ.എസ്.എസ്. മായി ചേർന്ന് പുനർജനി, കൂടാതെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സ്വന്തം നിലയിൽ ജീവദായിനി, യുവ മാധ്യമ ശിൽപശാല, ചിത്രരചനാ ക്യാമ്പ്, സാഹിത്യ ക്യാമ്പ്, വനിതാ ശിൽപശാല, ചലച്ചിത്ര ശിൽപശാല, നാടക കളരി, സ്വാമി വിവേകാനന്ദൻ യുവ പ്രതിഭാ പുരസ്കാരം, യുവ നേതൃത്വ പരിശീലന ക്യാമ്പ്, യുവജന ദിനാചരണം, പരിസ്ഥിതി ദിനാചരണം എന്നീ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

യൂത്ത് റിസോഴ്സ് സെന്ററുകൾ

338 (689) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ ബ്ലോക്കുകളിലും യൂത്ത് റിസോഴ്സ് സെന്ററുകൾ ആരംഭിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly